# ഗവ. ഹയർ സെക്കന്ററി സ്കൂൾ അഞ്ചേരി

# മികവുകൾ-റിപ്പോർട്ട്

## സ്വയം പര്യാപ്തതയുടെ പാതയിൽ മുന്നേറാൻ

തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിലൂടെ വിദ്യാർത്ഥികളെ സ്വയം പര്യാപ്തരാക്കുക എന്ന ഗാന്ധിയൻ ദർശനം സാക്ഷാത്കരിക്കുക എന്ന ലക്ഷ്യത്തോടെയാണ് അഞ്ചേരി ഗവ . ഹയർ സെക്കന്ററി സ്കൂൾ പ്രവർത്തിക്കുന്നത്. ഉപഭോഗ സംസ്കാരത്തിന്റെ ഈ കാലഘട്ടത്തിൽ സ്വയം പര്യാപ്തതയ്ക്ക് ഏറ്റവും പ്രസക്തിയേറുന്നു. അതിനാൽ ആത്മവിശ്വാസത്തോടെ സ്വന്തം കാലിൽ നിൽക്കാൻ വിദ്യാർത്ഥികളെ പര്യാപ്തമാക്കുന്ന പദ്ധതിയാണ് " **പണിപ്പുര** " എന്ന പേരിൽ ആസൂത്രണം ചെയ്തിരിക്കുന്നത്.

കോർപ്പറേഷൻ പരിധിയിൽ ഉൾപ്പെടുമ്പോഴും തികച്ചും ഗ്രാമീണാന്തരീക്ഷം നിലനിൽക്കുന്ന വിദ്യാലയമാണിത്. നൂറു വർഷം പിന്നിടുന്ന വിദ്യാലയത്തിന് ഇന്നും പരിമിതികളേറെയുണ്ട്. ആകർഷകമായ ഭൗതിക സാഹചര്യങ്ങളെയെല്ലാം മറികടന്ന് സ്കൂളിനെ ശക്തിപ്പെടുത്തുന്നത് ഇത്തരം പ്രവർത്തനങ്ങളാണ്. വളരെ പരാധീനതകൾ അനുഭവിക്കുന്ന കുടുംബത്തിൽ നിന്ന് വരുന്ന കുട്ടികളാണ് ഇവിടെ പഠിക്കുന്നത്. അവരിൽ ഉത്തരവാദിത്ത ബോധം വളർത്തി ജീവിതത്തെ പ്രസാദാത്മകമായി നേരിടാനുള്ള പരിശീലനമാണ് " പണിപ്പുര " പദ്ധതിയിലൂടെ നൽകുന്നത്.

### ആസൂത്രണം



ചോക്ക്, നോട്ട്ബുക്ക്, കുട, സോപ്പ്, ആഭരണങ്ങൾ, കരകൗശല വസ്തുക്കൾ എന്നിവയുടെ നിർമ്മാണമാണ് പ്രധാനമായും ഇവിടെ പഠിപ്പിക്കുന്നത്. വയറിങ്ങ്, മെറ്റൽ കാർവിങ്ങ്, വുഡ് കാർവിങ്ങ് എന്നിവയും പരിശീലിപ്പിക്കുന്നുണ്ട്.

താല്പര്യമുള്ള വിദ്യാർത്ഥികളെ വർഷാരംഭത്തിൽ തന്നെ കണ്ടെത്തി ക്ലബ്ബ് രൂപീകരിക്കുന്നു. അതിൽ നിന്ന് ഓരോ ഇനത്തിലും താല്പര്യമുള്ള വിദ്യാർത്ഥികളെ കണ്ടെത്തി ഗ്രൂപ്പുകൾ രൂപീകരിക്കുന്നു. ഓരോ ഗ്രൂപ്പിലും ഏകദേശം ഇരുപതോളം കുട്ടികൾ ഉൾപ്പെടുന്നു. അധ്യാപകർ വിദ്യാർത്ഥികൾക്ക് പ്രവർത്തനങ്ങൾ വിശദീകരിച്ച് കൊടുക്കുന്നു.

## വിഭവ സമാഹരണം



പി.ടി.എ യുടേയും അധ്യാപകരുടേയും സഹായത്തോടെ നിർമ്മാണത്തിനാവശ്യമായ അസംസ്കൃത വസ്തുക്കൾ ശേഖരിക്കുന്നു. ഓരോ ഗ്രൂപ്പിലേയും ലീഡറും അധ്യാപികയും ഇതിന്റെ ചുമതല ഏറ്റെടുക്കുന്നു.

## പ്രവർത്തനം

ഇടവേളകളും സ്കൂൾ പ്രവർത്തി സമയത്തിനുശേഷമുള്ള 3.30 മുതൽ 4.30 വരെയുള്ള സമയവുമെല്ലാം പ്രയോജനപ്പെടുത്തിയാണ് നിർമ്മാണം നടത്തുന്നത്. സ്കൂളിൽ തയ്യാറാക്കിയ ചോക്ക് സ്കൂളാവശ്യങ്ങൾക്കുപയോഗിക്കുന്നു. നോട്ടു പുസ്തകം അർഹരായ വിദ്യാർത്ഥികൾക്ക് സൗജന്യമായി നൽകുന്നു. കുട, സോപ്പ്, ആഭരണങ്ങൾ എന്നിവ മിതമായ നിരക്കിൽ വിദ്യാർത്ഥികൾക്ക് നൽകുന്നു. അധ്യാപകരും രക്ഷാകർത്താക്കളും ഇവിടുത്തെ ഉല്പന്നങ്ങളുടെ ഉപഭോക്താക്കളാണ്.





## നേട്ടങ്ങൾ




ഈവർഷം LIC വിദ്യാർത്ഥികൾക്ക് നൽകിയ ധനസഹായം ഉപയോഗിച്ച് നോട്ട്ബുക്ക്, കുട എന്നിവ നിർമ്മിക്കുകയും വിദ്യാർത്ഥികൾക്ക് സൗജന്യമായി നൽകുകയും ചെയ്തു. LIC യുടെ സഹായ ധനത്തെ ഇരട്ടി മൂല്യമുള്ളതാക്കി മാറ്റാനും അങ്ങനെ സഹായം കൂടുതൽ വിദ്യാർത്ഥികളിലേക്ക് എത്തിക്കാനും ഇതിലൂടെ സാധിച്ചു

വിദ്യാർത്ഥികളിൽ സ്വാശ്രയശീലം വളർത്താൻ ഈ പദ്ധതി ഏറെ സഹായിക്കുന്നു. പ്രവർത്തി പരിചയമേളയിൽ തുടർച്ചയായ വർഷങ്ങളിൽ ഉപജില്ലാ, ജില്ലാ,സംസ്ഥാന തലങ്ങളിൽ ഉയർന്ന ഗ്രേഡ് കരസ്ഥമാക്കാൻ സാധിച്ചിട്ടുണ്ട്. ഈ വർഷം ഉപജില്ലാതലത്തിൽ

| | | |
|---|---|---|
| CHALK MAKING – A GRADE (First) | } | |
| WIRING - A GRADE (First) | } | UP |
| BOOK BINDING - B GRADE(Second) | } | |
| BOOK BINDING - A GRADE (First) | } | HS |
| UMBRELLA MAKING - B GRADE | } | |

എന്നിങ്ങനെ കരസ്ഥമാക്കിയിട്ടുണ്ട്.

വിദ്യാർത്ഥികളുടെ ഭാവി ജീവിതത്തിനുകൂടി പ്രയോജനപ്പെടുന്ന ഈ പ്രവർത്തനം നിലനിർത്താനും ശക്തിപ്പെടുത്താനുമുള്ള ശ്രമങ്ങൾ നടത്തുന്നു. ഓരോ അധ്യാപകരും തങ്ങളുടെ അറിവ് മറ്റ് അധ്യാപകർക്ക് കൂടി പകർന്ന് നൽകുകയും അങ്ങനെ അധ്യാപകർ സ്കൂളിൽ നിന്ന് മാറിപോയാലും പദ്ധതി തടസ്സംകൂടാതെ മുന്നോട്ടുപോകാനുള്ള സാഹചര്യം ഒരുക്കുകയും ചെയ്യുന്നു. ഭാവിയിൽ രക്ഷാകർത്താക്കളെകൂടി ഉൾപ്പെടുത്തി " **പണിപ്പുര** " പദ്ധതി വിപുലീകരിക്കാനുള്ള ആലോചനകളും നടന്നു വരുന്നു.